**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5302** **21-07-2022 - ൽ മറുപടിയ്ക്ക്**

**സ്കിൽ ലോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. ലിന്റോ ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ടതൊഴിൽ മേഖലയിൽ അധിക നൈപുണ്യം നേടുന്നതിനായി ജാമ്യമോ ഈടോ ഇല്ലാതെ വായ്പ നൽകുന്നതിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ടമുള്ള തൊഴിൽ മേഖലയിൽ അധിക നൈപുണ്യം നേടുന്നതിന് അസാപ് കേരള വിവിധ തരത്തിലുള്ള നൈപുണ്യ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇത്തരം നൈപുണ്യ പദ്ധതികളിൽ പ്രവേശനം നേടാൻ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് കാനറാ ബാങ്കുമായി ചേർന്ന് കൊണ്ട് സ്കിൽ ലോൺ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സ്കിൽ ലോൺ വിദ്യാർത്ഥിയുടെയും രക്ഷിതാവിന്റെയും ജോയിന്റ് അക്കൗണ്ടിന്മേൽ യാതൊരുവിധ ജാമ്യവും ഈടാക്കാതെ നൽകിവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് പ്രകാരവും ദേശീയ നൈപുണ്യ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിലും നടത്തപ്പെടുന്ന കോഴ്സുകളിൽ ചേർന്നു പഠിക്കുന്നതിന് ധനസഹായം ലഭ്യമാക്കുമോ; | (ബി) | അസാപ്പും കാനറാ ബാങ്കുമായി സഹകരിച്ച് ആവിഷ്കരിച്ചിട്ടുള്ള സ്കിൽ ലോൺ NSQF ചട്ടക്കൂടിനുള്ളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കോഴ്സുകൾക്കും ലഭ്യമാണ്. |
| (സി) | പ്രസ്തുത പദ്ധതിയിൻ കീഴിൽ നൈപുണ്യ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും അനുവദിക്കുന്ന തിരിച്ചടവ് കാലാവധി എത്രയാണ്; വിശദമാക്കുമോ; | (സി) | വായ്പയുടെ തിരിച്ചടവ് കാലാവധി താഴെപറയും പ്രകാരമാണ്.<br><br>50,000 രൂപ വരെയുള്ള വായ്പകൾ – 3 വർഷം വരെ (മൊറട്ടോറിയം കാലയളവിന് ശേഷം)<br><br>50,000 മുതൽ 1 ലക്ഷം വരെയുള്ള വായ്പകൾ – 5 വർഷം വരെ (മൊറട്ടോറിയം കാലയളവിനു ശേഷം)<br><br>1 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾ – 7 വർഷം വരെ (മൊറട്ടോറിയം കാലയളവിന് ശേഷം) |
| (ഡി) | നിലവിൽ വിദ്യാഭ്യാസ ലോൺ എടുത്തിട്ടുള്ള | (ഡി) | അധിക നൈപുണ്യം ആർജിക്കുന്നതിലേക്കായി, |

| | | | |
|---|---|---|---|
| | വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിലൂടെ ധനസഹായം ലഭ്യമാകുമോ; വ്യക്തമാക്കുമോ? | | വിദ്യാഭ്യാസ ലോൺ എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്കും ധനസഹായം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ